I ഇ.ബി. XIV - കേരള നിയമസഭ/XV-17

# പതിനാലാം കേരള നിയമസഭ

പതിനഞ്ചാം സമ്മേളനം

## നിയമസഭാ നടപടികൾ - സംഗ്രഹം

2019 ജൂൺ 28, വെള്ളി

നിയമസഭ രാവിലെ 9.00 മണിക്ക് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. പി. ശ്രീരാമകൃഷ്ണന്റെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

**നിയമനിർമ്മാണകാര്യം**

2019-ലെ കേരള ധനകാര്യ ബിൽ സബ്ജക്ട് കമ്മിറ്റിക്ക് അയയ്ക്കണമെന്ന പ്രമേയം

ധനകാര്യവും കയറും വകുപ്പുമന്ത്രി (ഡോ. ടി. എം. തോമസ് ഐസക്): 2019-ലെ കേരള ധനകാര്യ ബിൽ ഭൂനികുതിയും ദേവസ്വവും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി II-ന്റെയും മരാമത്തും ഗതാഗതവും വാർത്താവിനിമയവും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി V-ന്റെയും തദ്ദേശസ്വയംഭരണവും ഗ്രാമവികസനവും ഭവനനിർമ്മാണവും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി IX-ന്റെയും ആഭ്യന്തരകാര്യങ്ങൾ സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി XIV-ന്റെയും സംയുക്ത പരിഗണനയ്ക്കായി സാമ്പത്തിക കാര്യങ്ങൾ സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി VIII-ന്റെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന പ്രമേയം അവതരിപ്പിക്കുന്നു.

വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി (ശ്രീ. ഇ. പി. ജയരാജൻ): പ്രമേയത്തെ പിന്താങ്ങുന്നു.

ശ്രീ. മുഹമ്മദ് മുഹസിൻ പി: 2019-ലെ കേരള ധനകാര്യ ബിൽ പൊതുജനാഭിപ്രായം ആരായുന്നതിനായി 31-07-2019 വരെ സർക്കുലേറ്റ് ചെയ്യണമെന്ന ഭേദഗതി അവതരിപ്പിക്കുന്നു.

ശ്രീ. ടി. വി. ഇബ്രാഹിം: 2019-ലെ കേരള ധനകാര്യ ബിൽ 21-12-2019 വരെ ഒരു സെലക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന ഭേദഗതി അവതരിപ്പിക്കുന്നു.

ശ്രീ. രാജു എബ്രഹാം: ധനകാര്യ ബില്ലിനെ അനുകൂലിക്കുന്നു. ബഡ്ജറ്റിൽ വകയിരുത്തിയിട്ടുള്ള തുകയ്ക്കുപുറമെ പശ്ചാത്തല സൗകര്യവികസനത്തിനായി കിഫ്ബിയിലൂടെ അധിക ധനാഗമമാർഗ്ഗങ്ങൾ കണ്ടെത്തി വികസന പ്രവർത്തനങ്ങൾ നടപ്പാക്കുന്ന സർക്കാർ നടപടി പ്രശംസനീയമാണ്. കാര്യക്ഷമമായ പ്രളയദുരിതാശ്വാസ പ്രവർത്തനങ്ങളിലൂടെ മരണസംഖ്യ കുറയ്ക്കുന്നതിനും പൂർണ്ണമായി തകർന്ന വീടുകളിൽ ഭൂരിഭാഗവും പുനർനിർമ്മിക്കുന്നതിനും ഭാഗികമായി തകർന്നവയ്ക്ക് നഷ്ടപരിഹാരം നൽകുന്നതിനും സാധിച്ചിട്ടുണ്ട്. വിഴിഞ്ഞം തുറമുഖം, കൊച്ചി മെട്രോ, കണ്ണൂർ വിമാനത്താവളം തുടങ്ങി നിരവധി പദ്ധതികൾ യാഥാർത്ഥ്യമാക്കുന്നതിനും പുതിയ വ്യവസായ

അന്തരീക്ഷം സൃഷ്ടിക്കുന്നതിനും നവകേരള നിർമ്മാണം ലക്ഷ്യമിട്ടുകൊണ്ട് ദീർഘവീക്ഷണത്തോടെയുള്ള പദ്ധതികൾ ആവിഷ്കരിച്ച് നടപ്പാക്കുന്നതിനും തയ്യാറായ സർക്കാരിനെ അനുമോദിക്കുന്നു.

ശ്രീ. കെ. എസ്. ശബരീനാഥൻ: ധനകാര്യ ബില്ലിനെ എതിർക്കുന്നു. സംസ്ഥാനത്ത് ജി.എസ്.ടി. നിലവിൽ വന്നശേഷം നികുതിവരുമാനത്തിലുണ്ടായ ചോർച്ച പരിഹരിക്കുന്നതിനുള്ള സർക്കാർ നടപടികൾ പരാജയമാണ്. കിഫ്ബിയുടെ ധനസമാഹരണ സ്രോതസ്സുകളായ പെട്രോളിയം സെസ്സ്, മോട്ടോർ വാഹന നികുതി തുടങ്ങിയവയിൽനിന്നും പ്രതീക്ഷിച്ച വരുമാനം ലഭിക്കാത്ത സ്ഥിതിയാണുള്ളത്. പ്രളയസെസ്സ് ഏർപ്പെടുത്താനുള്ള നടപടിയിൽനിന്ന് സർക്കാർ പിന്മാറണം. കെ.എസ്.എഫ്.ഇ. പ്രവാസി ചിട്ടി നിക്ഷേപദൗർലഭ്യത്താൽ പരാജയപ്പെട്ടിരിക്കുകയാണ്.

ശ്രീമതി ഇ. എസ്. ബിജിമോൾ: ധനകാര്യ ബില്ലിനെ അനുകൂലിക്കുന്നു. കേന്ദ്ര സർക്കാരിന്റെ തെറ്റായ നയസമീപനങ്ങളുടെയും നിയമവ്യവസ്ഥകളുടെയും ഫലമായി സംസ്ഥാനം നേരിടുന്ന സാമ്പത്തിക പ്രതിസന്ധി അതിജീവിക്കാൻ സർക്കാർ നടത്തുന്ന ശ്രമങ്ങളെ അഭിനന്ദിക്കുന്നു. സംസ്ഥാനത്ത് പ്രവർത്തിക്കുന്ന ബാങ്കുകളുടെമേൽ നിയന്ത്രണം ഏർപ്പെടുത്താനും വിദ്യാഭ്യാസ വായ്പയ്ക്ക് അമിത പലിശയും പിഴപ്പലിശയും ഈടാക്കുന്നതും മൊറട്ടോറിയം പ്രഖ്യാപിച്ചതിനുശേഷം

ജപ്തിനോട്ടീസ്  അയയ്ക്കുന്നത് ഒഴിവാക്കാനും നടപടി സ്വീകരിക്കണം. ലക്ഷ്വറി ടാക്സ് ഇനത്തിൽ ലഭിക്കേണ്ട തുക പിരിച്ചെടുക്കണം. സ്വർണ്ണവ്യാപാര മേഖലയിലെ നികുതി ചോർച്ച തടയുകയും ആംനസ്റ്റി പദ്ധതിയുമായി ബന്ധപ്പെട്ട് ബോധവൽക്കരണം നടത്തുകയും ചെയ്യണം. ടൂറിസം സാധ്യതകൾ പ്രയോജനപ്പെടുത്താനും തോട്ടം മേഖലയിലെ പ്രതിസന്ധിയും നിർമ്മാണരംഗത്തെ അവശ്യസാധനങ്ങളുടെ ദൗർലഭ്യവും പരിഹരിക്കാനും കോൺട്രാക്ടർമാരുടെ കുടിശ്ശിക കൊടുത്തുതീർക്കാനും എം.എൽ.എ.-മാരുടെ ആസ്തിവികസന ഫണ്ടുപയോഗിച്ചുള്ള പ്രവൃത്തികളുടെ ബില്ലുകൾ സമയബന്ധിതമായി മാറുന്നതിനും നടപടി സ്വീകരിക്കണം.

<u>ശ്രീ. ടി. വി. ഇബ്രാഹിം</u>: ധനകാര്യ ബില്ലിനെ എതിർക്കുന്നു. മലപ്പുറം ജില്ലയിലെ ആർ.ഐ.ഡി.എഫ്. വിതരണത്തിലെ അപാകത പരിഹരിക്കാനും ചീക്കോട് കുടിവെള്ള പദ്ധതിക്ക് ഫണ്ട് അനുവദിക്കാനും നടപടി സ്വീകരിക്കണം. കിഫ്ബി പ്രവൃത്തികളിലെ സങ്കീർണ്ണതകൾ ഒഴിവാക്കുകയും കിഫ്ബിയിലുൾപ്പെടുത്തിയിട്ടുള്ള റോഡുകളുടെ മാനദണ്ഡങ്ങളിൽ മാറ്റം വരുത്തിയതിൽ ഇടപെടുകയും വേണം. ഹജ്ജ് എംബാർക്കേഷൻ പോയിന്റിലേയ്ക്കുള്ള

റോഡുകൾ നവീകരിക്കണം. എച്ച്.എസ്.എസ്.ടി. വിഭാഗത്തിലെ ബി.എസ്‌സി. ഫിസിക്സ് അദ്ധ്യാപകരുടെ യോഗ്യതാമാനദണ്ഡത്തിലെ അപാകത പരിഹരിക്കണം. എം.എൽ.എ.-മാരുടെ ആസ്തി വികസന ഫണ്ട് കാലാനുസൃതമായി വർദ്ധിപ്പിക്കണം.

ശ്രീ. ആർ. രാജേഷ്: ധനകാര്യ ബില്ലിനെ അനുകൂലിക്കുന്നു. 42 ലക്ഷം കുടുംബങ്ങളെ സമഗ്ര ആരോഗ്യ ഇൻഷ്വറൻസ് പദ്ധതിയുടെ ഭാഗമാക്കിയതും ജലപാത പദ്ധതിയും ഗെയിൽ പൈപ്പ് ലൈൻ പദ്ധതിയും പൂർത്തിയാക്കാനുള്ള നടപടിയും സ്വാഗതാർഹമാണ്. അഴിമതിരഹിത പശ്ചാത്തല വികസനമാണ് സർക്കാർ നടപ്പാക്കുന്നത്. ഇരുപതോളം പൊതുമേഖലാ സ്ഥാപനങ്ങളെ ലാഭത്തിലാക്കാൻ കഴിഞ്ഞതും കെ.എസ്.ആർ.ടി.സി. പെൻഷൻ കുടിശ്ശികയില്ലാതെ കൊടുത്തുതീർത്തതും സർക്കാരിന്റെ നേട്ടങ്ങളാണ്.

ഡോ. എൻ. ജയരാജ്: ധനകാര്യ ബില്ലിനെ എതിർക്കുന്നു. നോൺ ടാക്സ് റവന്യൂ കളക്ഷൻ പരിശോധനാവിധേയമാക്കണം. കേന്ദ്ര വിഹിതത്തിലെ കുറവ് പരിഹരിക്കുന്നതിനും ഐ.ജി.എസ്.ടി. സെറ്റിൽമെന്റ് ഡീറ്റെയിൽസ് വെളിപ്പെടുത്തുന്നതിനും അൺഅലോക്കേറ്റഡ് ഷെയർ ലഭ്യമാക്കുന്നതിനും നടപടി സ്വീകരിക്കണം. വകുപ്പുകൾക്കനുവദിക്കുന്ന തുക യഥാസമയം ചെലവാക്കുന്നുണ്ടോയെന്ന് പരിശോധിക്കണം. മണി ലെൻഡേഴ്സ് ഈടാക്കുന്ന

പലിശ സംബന്ധിച്ച് വ്യക്തത വരുത്തണം.

ശ്രീ. സി. കെ. നാണു: ധനകാര്യ ബില്ലിനെ അനുകൂലിക്കുന്നു. റോഡുകളും പാലങ്ങളും പുനരുദ്ധരിക്കുന്നതിനും സ്കൂളുകൾ നവീകരിക്കുന്നതിനും വിദ്യാർത്ഥികളുടെ പഠനനിലവാരം മെച്ചപ്പെടുത്തുന്നതിനും സ്വീകരിച്ച നടപടികൾ സ്തുത്യർഹമാണ്.

ശ്രീമതി വീണാ ജോർജ്ജ്: ധനകാര്യ ബില്ലിനെ അനുകൂലിക്കുന്നു. കാർഷിക-നാണ്യവിളകളുടെ അനിയന്ത്രിത ഇറക്കുമതിയിലൂടെ കേന്ദ്രസർക്കാർ കർഷകദ്രോഹ സമീപനം തുടരുമ്പോഴും കർഷകസൗഹൃദ നടപടികളുമായിട്ടാണ് സംസ്ഥാന സർക്കാർ മുന്നോട്ടുപോകുന്നത്. ജനറൽ-ജില്ലാ ആശുപത്രികളെ രോഗീസൗഹൃദമാക്കി പൊതുജനാരോഗ്യരംഗത്ത് കേരളത്തെ മികച്ച സംസ്ഥാനമാക്കി മാറ്റിയെടുക്കാൻ സാധിച്ചത് അഭിനന്ദനാർഹമാണ്. ആറന്മുള കണ്ണാടിക്കേർപ്പെടുത്തിയ ജി.എസ്.ടി. നിരക്ക് കുറയ്ക്കണം. അർഹതയുള്ള പഞ്ചായത്തുകൾക്ക് സ്പിൽ ഓവർ തുക ലഭ്യമാക്കണം. നാഷണലൈസ്ഡ് ബാങ്കുകളുടെ ജനദ്രോഹ നിലപാടുകൾ അവസാനിപ്പിക്കണം.

ശ്രീ. സി. കെ. ഹരീന്ദ്രൻ: ധനകാര്യ ബില്ലിനെ അനുകൂലിക്കുന്നു. മൂന്ന് വർഷംകൊണ്ട് നാല്പത്തിരണ്ടായിരം കോടി രൂപയുടെ പദ്ധതികൾക്ക് അംഗീകാരം നൽകാൻ സാധിച്ചുവെന്നത് അഭിമാനകരമാണ്. ക്ഷേമപെൻഷനുകളിലെ വർദ്ധനവ്,

നിപ രോഗബാധാ നിയന്ത്രണം, ഹരിത കേരള മിഷൻ, ആർദ്രം, ലൈഫ്, പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞം തുടങ്ങിയവ സർക്കാരിന്റെ നേട്ടങ്ങളാണ്. ഭൂപ്രശ്നങ്ങൾക്ക് പരിഹാരം കാണുന്നതിനും കയ്യേറ്റങ്ങൾ ഒഴിപ്പിച്ച് സർക്കാർ ഭൂമി സംരക്ഷിക്കുന്നതിനും വിലക്കയറ്റം നിയന്ത്രിക്കുന്നതിനും സപ്ലൈകോ ഔട്ട്‌ലെറ്റുകൾ വഴി കുപ്പിവെള്ളം വിലകുറച്ച് വിതരണം ചെയ്യുന്നതിനും പാരമ്പര്യേതര ഊർജ്ജോല്പാദന മാർഗ്ഗങ്ങളിലൂടെ വൈദ്യുതിയുല്പാദനം സാദ്ധ്യമാക്കുന്നതിനും സർക്കാരിന് സാധിച്ചിട്ടുണ്ട്. സ്ത്രീകൾക്കായി പ്രത്യേക വകുപ്പും ട്രാൻസ്ജെൻഡേഴ്സിനായി പ്രത്യേക നയവും രൂപീകരിച്ച നടപടി അഭിനന്ദനാർഹമാണ്. സംസ്ഥാനത്തെ ഡാമുകളിൽ അടിഞ്ഞുകൂടിയിട്ടുള്ള മണൽ ശേഖരിച്ച് വില്പന നടത്താൻ നടപടി സ്വീകരിക്കണം.

<u>ശ്രീ. സജി ചെറിയാൻ</u>: ധനകാര്യ ബില്ലിനെ അനുകൂലിക്കുന്നു. അഴിമതി വിമുക്തമാക്കിയും നവീന സാങ്കേതിക നിർമ്മാണ പ്രക്രിയകൾ ഉപയോഗപ്പെടുത്തിയും പൊതുമരാമത്ത് വകുപ്പിൽ വിപ്ലവകരമായ മാറ്റങ്ങളാണ് സർക്കാർ വരുത്തിയിട്ടുള്ളത്. ശബരിമലയിൽ വികസനപ്രവർത്തനങ്ങൾക്ക് തുടക്കം കുറിക്കുന്നതിനും നിർമ്മാണ പ്രവർത്തനങ്ങൾ സമയബന്ധിതമായി പൂർത്തീകരിക്കുന്നതിനും പ്രളയത്തിൽ തകർന്ന റോഡുകളും പാലങ്ങളും പുനർനിർമ്മിക്കുന്നതിനും തീരദേശ-മലയോര ഹൈവേകൾ

യാഥാർത്ഥ്യമാക്കുന്നതിനും സ്വീകരിച്ച നടപടികൾ പ്രശംസനീയമാണ്. പൊതുമേഖലാ സ്ഥാപനങ്ങൾ ലാഭകരമാക്കിയതും പോലീസ്, എക്സൈസ് വകുപ്പുകളിൽ ആദിവാസികൾക്ക് നിയമനം നൽകിയതും ശ്രദ്ധേയമാണ്. കാറ്ററിംഗ് മേഖലയിൽ നികുതി ഏർപ്പെടുത്തി പാവപ്പെട്ട യുവതികൾക്ക് വിവാഹ സാമ്പത്തിക സഹായം നൽകുന്ന പദ്ധതി ആവിഷ്കരിക്കണം.

ശ്രീ. ഇ. കെ. വിജയൻ: ധനകാര്യ ബില്ലിനെ അനുകൂലിക്കുന്നു. പ്രളയസെസ്സിനെ എതിർക്കുന്ന പ്രതിപക്ഷ നിലപാട് കാപട്യമാണ്. അയൽസംസ്ഥാനങ്ങളുമായി അതിർത്തി പങ്കിടുന്ന പ്രദേശങ്ങളിൽ സെസ് പിരിക്കുന്നത് സംബന്ധിച്ച് വ്യക്തതയുണ്ടാകണം. സംസ്ഥാനത്തിന്റെ സമഗ്രവികസനത്തിന് വഴിതെളിക്കുന്ന പദ്ധതികളാണ് കിഫ്ബിവഴി നടപ്പാക്കുന്നത്. കേരളത്തിലെ നദികളെയും പുഴകളെയും സംരക്ഷിക്കാനും കാർഷികമേഖലയെ ശക്തിപ്പെടുത്താനും കുടിവെള്ളം ഉറപ്പുവരുത്താനുമുള്ള ബൃഹത് പദ്ധതി ആവിഷ്കരിക്കണം.

ശ്രീ. ജെയിംസ് മാത്യു: ധനകാര്യ ബില്ലിനെ അനുകൂലിക്കുന്നു. വ്യാപാരികളും വ്യവസായികളും നികുതിദായകരും നിരവധി കാലമായി ആവശ്യപ്പെട്ടുകൊണ്ടിരിക്കുന്ന പ്രശ്നങ്ങൾക്കാണ് ഈ ബില്ലിലൂടെ പരിഹാരം

കാണാൻ സാധിക്കുന്നത്. ജി.എസ്.ടി. പ്രകാരം ലഭിക്കേണ്ട നികുതി പൂർണ്ണമായും ലഭ്യമാക്കാനുള്ള സംവിധാനമുണ്ടാക്കണം. യഥാസമയം നികുതി നൽകാത്ത വൻകിട വ്യവസായികളെ കണ്ടെത്തി നികുതി പിരിക്കുന്നതിനുള്ള സംവിധാനമൊരുക്കണം. ചരക്കുകടത്തുകൾ പരിശോധിക്കാൻ സി.സി.റ്റി.വി. ക്യാമറകൾ സ്ഥാപിക്കണം. നികുതി ഈടാക്കി ഖജനാവിലേയ്ക്ക് യഥാസമയം അടയ്ക്കാത്ത ഉദ്യോഗസ്ഥർക്കെതിരെ നടപടി സ്വീകരിക്കണം. ലോക കേരള സഭയിൽനിന്നും വിട്ടുനിൽക്കാനുള്ള പ്രതിപക്ഷ തീരുമാനം പിൻവലിക്കണം. നവകേരള സൃഷ്ടിക്കുവേണ്ടി ദീർഘവീക്ഷണത്തോടെയുള്ള പ്രവർത്തനങ്ങളുമായി മുന്നോട്ടുപോകുന്ന ഗവൺമെന്റിനെ അഭിനന്ദിക്കുന്നു.

<u>ശ്രീ. വി. ടി. ബൽറാം</u>: ധനകാര്യ ബില്ലിനെ എതിർക്കുന്നു. സംസ്ഥാനത്തിനുനേരെയുള്ള കേന്ദ്രഗവൺമെന്റിന്റെ നിഷേധാത്മക നിലപാടിനെ ഭരണ-പ്രതിപക്ഷ വ്യത്യാസമില്ലാതെ എതിർക്കണം. പാട്ടക്കുടിശ്ശിക ഉൾപ്പെടെ വിവിധ മേഖലകളിൽനിന്ന് ലഭിക്കേണ്ട നികുതി പിരിച്ചെടുത്ത് നോൺ ടാക്സ് റവന്യൂ വരുമാനം വർദ്ധിപ്പിക്കണം. സുശീലപ്പടി റെയിൽവേ ഓവർബ്രിഡ്ജിന് തുക വകയിരുത്തുന്നതിനും കാങ്കപ്പുഴ റെഗുലേറ്റർ-കം-ബ്രിഡ്ജിന്റെ ഡി.പി.ആർ. തയ്യാറാക്കുന്നതിനും പ്രളയത്തിൽ

തകർന്ന ഗ്രാമീണറോഡുകളുടെ പുനർനിർമ്മാണത്തിന് പ്രത്യേക പാക്കേജ് അനുവദിക്കുന്നതിനും നടപടി സ്വീകരിക്കണം. കിഫ്ബിയിലൂടെ പ്രഖ്യാപിച്ച പദ്ധതികൾ യാഥാർത്ഥ്യമാക്കണം. കരാറുകാരുടെ ബില്ലുകൾ സമയബന്ധിതമായി കൊടുത്തുതീർക്കാത്തതും ട്രഷറി നിയന്ത്രണം ഏർപ്പെടുത്തിയതും സർക്കാരിന്റെ കെടുകാര്യസ്ഥതയാണ്.

ധനകാര്യവും കയറും വകുപ്പുമന്ത്രി (ഡോ. ടി. എം. തോമസ് ഐസക്): പൊതു സാമ്പത്തിക സ്ഥിതിയെക്കുറിച്ച് ഇവിടെ ഉന്നയിച്ച പ്രശ്നങ്ങൾ വിശദമായി ചർച്ച ചെയ്യേണ്ടതാണ്. വാറ്റ്, ആഡംബര നികുതി, വിൽപ്പന നികുതി തുടങ്ങിയ മേഖലകളിൽ ഏർപ്പെടുത്തിയ ആംനസ്റ്റിയെക്കുറിച്ചാണ് മുഖ്യമായും ബില്ലിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. നികുതി കുടിശ്ശിക പിരിക്കുന്നതിന്റെ ഭാഗമായി 2012-13 വരെയുള്ള അസസ്സ്മെന്റുകളുടെ പരിശോധന പൂർത്തീകരിച്ചുകൊണ്ടിരിക്കുകയാണ്. വ്യാപാരികൾ സമർപ്പിക്കുന്ന ടാക്സ് സ്റ്റേറ്റ്മെന്റുകൾ ബന്ധപ്പെട്ട ഉദ്യോഗസ്ഥർ പരിശോധിച്ചശേഷമേ റിട്ടേൺ അയയ്ക്കാൻ പാടുള്ളൂവെന്ന് തീരുമാനമെടുത്തിട്ടുണ്ട്. പ്രളയസെസ്സ് ഏർപ്പെടുത്തുന്നതുമൂലം വിലക്കയറ്റമുണ്ടാകുന്നുവെന്ന വാദം അടിസ്ഥാനരഹിതമാണ്. വാറ്റ്

ഏർപ്പെടുത്തിയതിനുശേഷം നിർമ്മാണ സാമഗ്രികളുടെ നികുതിയിൽ ഇടിവുണ്ടായിട്ടുണ്ട്. ചീക്കോട് കുടിവെള്ള പ്രോജക്ടുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ പരിഹരിക്കുന്നതാണ്. സ്കൂളുകളുമായി ബന്ധപ്പെട്ട് കരാറുകാർ സമർപ്പിച്ച ബില്ലുകൾ മാറാത്തതിനെക്കുറിച്ച് പരിശോധിക്കുന്നതാണ്. മാസംതോറും റിട്ടേൺ സമർപ്പിക്കാത്ത വ്യാപാരികൾക്ക് നോട്ടീസ് അയയ്ക്കുകയും പിഴയും പിഴപ്പലിശയും ഈടാക്കാനുള്ള പ്രവർത്തനം ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. അർഹമായ കേന്ദ്രവിഹിതം നേടിയെടുക്കാൻ ശക്തമായ സമ്മർദ്ദം ചെലുത്തുന്നതാണ്. റോഡുകൾക്ക് മിനിമം മാനദണ്ഡം വേണമെന്ന നിലപാടാണ് കിഫ്ബി ബോർഡ് ഓഫ് ഡയറക്ടേഴ്സ് സ്വീകരിച്ചിരിക്കുന്നത്. പുതിയ മാനദണ്ഡപ്രകാരം കിഫ്ബിയിൽ ഉൾപ്പെടുത്താൻ കഴിയാത്ത പ്രോജക്ടുകൾക്ക് ബഡ്ജറ്റിൽ തുക വകയിരുത്തുന്നകാര്യം പരിശോധിക്കുന്നതാണ്.

ഭേദഗതികൾ നിരാകരിക്കുകയോ സഭയുടെ അനുമതിയോടെ പിൻവലിക്കുകയോ ചെയ്തു.

2019-ലെ കേരള ധനകാര്യ ബിൽ ഭൂനികുതിയും ദേവസ്വവും സംബന്ധിച്ച II-ാം നമ്പർ സബ്ജക്ട് കമ്മിറ്റിയുടേയും മരാമത്തും ഗതാഗതവും വാർത്താവിനിമയവും

സംബന്ധിച്ച V-ാം നമ്പർ സബ്ജക്ട് കമ്മിറ്റിയുടേയും തദ്ദേശസ്വയംഭരണവും ഗ്രാമവികസനവും ഭവനനിർമ്മാണവും സംബന്ധിച്ച IX-ാം നമ്പർ സബ്ജക്ട് കമ്മിറ്റിയുടേയും ആഭ്യന്തരകാര്യങ്ങൾ സംബന്ധിച്ച XIV-ാം നമ്പർ സബ്ജക്ട് കമ്മിറ്റിയുടേയും സംയുക്ത പരിഗണനയ്ക്കായി സാമ്പത്തിക കാര്യങ്ങൾ സംബന്ധിച്ച VIII-ാം നമ്പർ സബ്ജക്ട് കമ്മിറ്റിക്ക് അയയ്ക്കണമെന്ന പ്രമേയം സഭ അംഗീകരിച്ചു.

ബിൽ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്കയച്ചു.

സഭ ഉച്ചയ്ക്കുശേഷം 12.08-ന് പിരിഞ്ഞു.